(സി) കെട്ടിടംപണി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എൻജിനീയറുടെ പരിശോധനയിലാണ്.

(സി) ആവശ്യമായ സ്ഥലവും ഫണ്ടും ലഭിച്ചാൽ 6 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

166 (1388) റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് നിലനിൽക്കുന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വിഭാഗം ഇക്കാര്യത്തിൽ നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയാണ്;

(ഇ) ഈ ശുപാർശകളിൽ ഏതൊക്കെയാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ചില ഒറ്റപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ, അസിസ്റ്റന്റ് എൻജിനീയർമാർ എന്നിവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ലാഭകരമല്ലാത്ത റസ്റ്റ് ഹൗസുകൾ നിർത്തൽ ചെയ്യാനും താമസക്കാരുടെ എണ്ണം അടിസ്ഥാനമാക്കി നിലവിലുള്ള റസ്റ്റ് ഹൗസുകൾ മൂന്നായി തരം തിരിക്കാനും അതിൽ ഓരോന്നിനും ആവശ്യമായ ജീവനക്കാരെ നിയോഗിക്കാനും ശുപാർശ ചെയ്തിരുന്നു.

(ഇ) ലാഭകരമല്ലാത്ത റസ്റ്റ് ഹൗസുകളിലെ അസൗകര്യങ്ങൾ പരിഹരിക്കുന്നതിനും, പ്രധാന കേന്ദ്രങ്ങളിലുള്ള റസ്റ്റ് ഹൗസുകളിൽ പുതിയ കെട്ടിടങ്ങളിൽ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസുകളെ മൂന്നായി തരം തിരിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരികയാണ്.

167 (1389) കുളനട-ഉള്ളന്നൂർ കാരിത്തോട്ട എം.എൽ.എ. റോഡിന്റെ പണി

LIBRARY ARCHIVES Kerala Legislative Assembly